LIBRARY ARCHIVES Kerala Legislative Assembly

വിൽപ്പത്രം, ഭാഗഉടമ്പടി, ധനനിശ്ചയാധാരം എന്നിവയുടെ രജിസ്ട്രേഷൻ ഫീസ് ഏകീകരിക്കാൻ നടപടി

115 [674] ശ്രീ. എം. എ. വാഹിദ് :
" പ്രയാർ ഗോപാലകൃഷ്ണൻ :
" പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ വിൽപ്പത്രം, ഭാഗഉടമ്പടി, ധനനിശ്ചയാധാരം, ഇഷ്ടദാനം എന്നീ പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും എത്ര വീതമാണെന്ന് പറയുമോ ;

(ബി) ഇവയുടെ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒരുപോലെ ആക്കുവാൻ ഉദ്ദേശമുണ്ടോ ;

(സി) എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഇതിനുവേണ്ടി വരുന്ന ചാർജ് ഒരായിരം രൂപയാക്കി കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) 1. ഫീസ്:—വിൽപ്പത്ര രജിസ്ട്രേഷന് 100 രൂപയാണ് ഫീസ്. ഭാഗഉടമ്പടി, ധനനിശ്ചയം, ഇഷ്ടദാനം എന്നിവയ്ക്ക് വിലയുടെ 2% നിരക്കിൽ ഫീസ് ഈടാക്കുന്നു.

2. സ്റ്റാമ്പ് ഡ്യൂട്ടി:-

(1) വിൽപ്പത്രം:—സ്റ്റാമ്പ് ഡ്യൂട്ടി ഇല്ല.

(2) ഭാഗപത്രം:—കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗത്തിന് മുതലിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടേയോ ഓഹരികളുടേയോ വിലയ്ക്ക് 100 രൂപയ്ക്ക് 5 രൂപാ നിരക്കിലും, മറ്റു സംഗതികളിൽ വിലയുടെ 100 രൂപയ്ക്ക് 6 രൂപാ പ്രകാരവുമാണ് മുദ്രവില ഈടാക്കുന്നത്.

(3) ധനനിശ്ചയം:—വ്യവസ്ഥപ്പെടുത്തി വയ്ക്കുന്ന മുതലിന്റെ സംഖ്യയ്ക്കോ, വിലയ്ക്കോ, തുല്യമായ സംഖ്യയ്ക്ക് 100 രൂപയ്ക്ക് 5 രൂപാ നിരക്കിൽ മുദ്രവില ഈടാക്കുന്നു.

(4) ഇഷ്ടദാനം:—ആ കരണത്തിൽ പറയുന്ന വിലയ്ക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള തീറാധാരത്തിനുള്ള മുദ്രവില (പഞ്ചായത്ത് അതിർത്തിയിൽ ഇത് 10% നിരക്കിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അതിർത്തികളിൽ യഥാക്രമം 12.5%, 13.5% നിരക്കിലുമാണ് മുദ്രവില.)

(ബി—ഡി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 2006-07 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കുടുബാംഗങ്ങൾ തമ്മിലുള്ള ഭാഗഉടമ്പടികൾക്ക് പരമാവധി സ്റ്റാമ്പ് ഡ്യൂട്ടി 1000 രൂപയാക്കി നിജപ്പെടുത്താൻ നിർദ്ദേശമുണ്ട്.